"ഭരണഭാഷ- മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ്- കോട്ടയം ജില്ലയിലെ കാഞ്ഞിരപ്പള്ളി ഗ്രാമപഞ്ചായത്തിലെ 23-ാം വാർഡായ തമ്പലക്കാടിലെ മറ്റത്തിപ്പാറ -അമ്പിയിൽ- എറികാട് റോഡ് സ്വകാര്യ വ്യക്തി കൈയ്യടക്കുന്നതിനെതിരെ തമ്പലക്കാട് ഗ്രാമ സംരക്ഷണ സമിതി കൺവീനർ ശ്രീ. രാജു ജോർജ്ജ് സമർപ്പിച്ച പരാതി-ഫയൽ തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾക്കായുള്ള ഓംബുഡ്സ്മാന് റഫർ ചെയ്തു കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയം ഭരണ (ഡി എ) വകുപ്പ്

സ.ഉ.(സാധാ) നം.1684/2022/LSGD തീയതി,തിരുവനന്തപുരം, 15-07-2022

---

പരാമർശം:- തമ്പലക്കാട് ഗ്രാമസംരക്ഷണ സമിതി കൺവീനർ ശ്രീ രാജു ജോർജ്ജ് സമർപ്പിച്ച 30.12.2021 ലെ പരാതി.

**<u>ഉത്തരവ്</u>**

കോട്ടയം ജില്ലയിലെ കാഞ്ഞിരപ്പള്ളി ഗ്രാമപഞ്ചായത്തിലെ 23-ാം വാർഡായ തമ്പലക്കാടിലെ മറ്റത്തിപ്പാറ -അമ്പിയിൽ-എറികാട് റോഡ് സ്വകാര്യ വ്യക്തി കൈയ്യടക്കുന്നതിനെതിരെ തമ്പലക്കാട് ഗ്രാമസംരക്ഷണ സമിതി കൺവീനർ ശ്രീ. രാജു ജോർജ്ജ് സമർപ്പിച്ച പരാതി, കേരള പഞ്ചായത്ത് രാജ് ആക്ടിലെ 191(1) വകുപ്പിലെ വ്യവസ്ഥകൾ പ്രകാരം റിപ്പോർട്ടിനായി ഓംബുഡ്സ്മാന് റഫർ ചെയ്യാവുന്നതാണെന്നാണ് ബോദ്ധ്യപ്പെട്ടിട്ടുണ്ട്. ആയതിൻപ്രകാരം പരാമർശ പരാതി വിഷയം കൈകാര്യം ചെയ്യുന്ന സർക്കാർ ഫയൽ ( ഇലക്ട്രോണിക് ഫയലിന്റെ ഫിസിക്കൽ കോപ്പി) 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ടിലെ 191(1) വകുപ്പിലെ വ്യവസ്ഥകൾ പ്രകാരം നടപടിക്കും ഫയൽ അന്തിമ റിപ്പോർട്ട് സഹിതം തിരികെ ലഭ്യമാക്കുന്നതിലേക്കുമായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കായുള്ള ഓംബുഡ്സ്മാന് കൈമാറി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ലീന എൻ പി
ജോയിന്റ് സെക്രട്ടറി

സെക്രട്ടറി,തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള ഓംബുഡ്സ്മാൻ, സാഫല്യം കോംപ്ലക്സ് , നാലാം നില , ട്രിഡാ ബിൽഡിങ്, യൂണിവേഴ്സിറ്റി പി.ഒ.,പാളയം, തിരുവനന്തപുരം.

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

സെക്രട്ടറി, കാഞ്ഞിരപ്പള്ളി ഗ്രാമപഞ്ചായത്ത്, കോട്ടയം.

ശ്രീ. രാജു ജോർജ്ജ് തോക്കും തോട്ടം, കൺവീനർ, തമ്പലക്കാട് ഗ്രാമസംരക്ഷണ സമിതി, തമ്പലക്കാട്

പി.ഒ., കാഞ്ഞിരപ്പള്ളി
എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം, തിരുവനന്തപുരം
ഓഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം
Signed by Sureshkumar K
Date: 18-07-2022 14:52:15

സെക്ഷൻ ഓഫീസർ